**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4854.** **19.05.2017 ൽ മറുപടിയ്ക്ക്**

**കേരള - കർണ്ണാടക അതിർത്തി ഗ്രാമങ്ങളിലെ കഞ്ചാവ് മാഫിയ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരള - കർണ്ണാടക അതിർത്തി ഗ്രാമങ്ങളിൽ വ്യാപകമായി കഞ്ചാവ് മാഫിയകൾ ശക്തമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള - കർണ്ണാടക അതിർത്തിയിൽ വയനാട് ജില്ലയോട് ചേർന്ന് കിടക്കുന്ന കർണ്ണാടക അതിർത്തി ഗ്രാമമായ ബൈരക്കുപ്പ അടക്കമുള്ള സ്ഥലങ്ങളിൽ കഞ്ചാവ് കടത്ത് സംഘങ്ങൾ പ്രവർത്തിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രദേശങ്ങളിലെ കഞ്ചാവ് മാഫിയകൾക്കെതിരെ എന്തൊക്കെ നടപടികൾ എടുത്തു എന്ന് വ്യക്തമാക്കാമോ; | (ബി) | കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ കർണ്ണാടക സംസ്ഥാനത്ത് നിന്നും കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് കേരള - കർണ്ണാടക അതിർത്തി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. കർണ്ണാടക എക്സൈസ്/പോലീസ് സേനകളുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിലും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിലും സംയുക്ത പരിശോധനകൾ നടത്തി വരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാ |

| | | | |
|---|---|---|---|
| | | | ന്തര പാതകളിലൂടെ മയക്കുമരുന്ന് കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതുമാണ്. ടി പ്രദേശങ്ങളിൽ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതുമാണ്. |
| (സി) | ഇത് സംബന്ധിച്ച് എത്ര കേസുകൾ കണ്ടെത്തിയെന്നും അതിന്റെ തുടർ നടപടികളും വിശദമാക്കാമോ? | (സി) | കേരള - കർണ്ണാടക അതിർത്തി ചെക്ക്പോസ്റ്റുകളിൽ 2017 വർഷം നാളിതുവരെ 45 എൻ.ഡി.പി.എസ്. കേസുകളും, അതിർത്തി പ്രദേശങ്ങളിൽ നിന്നും കഴിഞ്ഞ ഒരു വർഷത്തിനിടെ 14 എൻ.ഡി.പി.എസ്. കേസുകളും എക്സൈസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കേസുകളിൽ നിയമ നടപടികൾ ബന്ധപ്പെട്ട കോടതികളിൽ നടന്നുവരികയാണ്. |

**സെക്ഷൻ ഓഫീസർ**